**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - സർക്കാർ വകുപ്പുകളുടെയും സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളുടെയും സമഗ്ര രജിസ്ട്രി (Comprehensive Registry of Government Organisations) വികസിപ്പിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (ഏകോപനം & പ്രോഗ്രാം മാനേജ്മെന്റ് ഡിവിഷൻ) വകുപ്പ്**

സ.ഉ.(കൈ)നം.103/2026/GAD തീയതി, തിരുവനന്തപുരം, 31-07-2026

---

**<u>ഉത്തരവ്</u>**

സർക്കാർ വകുപ്പുകളുടെ ഭരണനിയന്ത്രണത്തിന് കീഴിൽ പൊതുമേഖലാ സ്ഥാപനങ്ങൾ (Public Sector Undertakings), Statutory Bodies, സ്വയംഭരണ സ്ഥാപനങ്ങൾ (Autonomous Institutions), സൊസൈറ്റികൾ (Societies), ബോർഡുകൾ (Boards), കോർപ്പറേഷനുകൾ (Corporations), മിഷനുകൾ (Missions), സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകൾ (Special Purpose Vehicles - SPVs), മറ്റ് സർക്കാർ ഏജൻസികൾ തുടങ്ങി അനേകം സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. നിലവിൽ ഈ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട ഭരണവകുപ്പുകൾ പ്രത്യേകം സൂക്ഷിച്ചുവരുന്നുണ്ടെങ്കിലും, ആയത് പൂർണ്ണമല്ല. കൂടാതെ, വിവരശേഖരണത്തിന്റെ സ്വഭാവവും നിലവാരവും ഓരോ വകുപ്പിലും വ്യത്യാസപ്പെട്ടിരിക്കുന്നു. അതായത് ഇവയെല്ലാം ഉൾക്കൊള്ളുന്ന ഒരു ഏകീകൃത ഡാറ്റാബേസ് നിലവിൽ ലഭ്യമല്ല.

2) ഈ സാഹചര്യത്തിൽ, സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകനം, നയരൂപീകരണം, ധനകാര്യ-മാനവവിഭവശേഷി ആസൂത്രണം, പൊതുമേഖലാ ആസ്തികളുടെ നിരീക്ഷണം, ഭരണപരമായ തീരുമാനമെടുക്കൽ തുടങ്ങിയ ആവശ്യങ്ങൾക്കായി സർക്കാരിന് ഉപയോഗിക്കാവുന്ന സമഗ്രവും വിശ്വാസയോഗ്യവുമായ, വിവരങ്ങൾ അടങ്ങിയ ഏകീകൃത വിവരശേഖരം (up-to-date information) നിലവിലില്ല എന്ന പോരായ്മ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ സർക്കാർ വകുപ്പുകളുടെയും സർക്കാരിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും

സമഗ്ര രജിസ്റ്റി (Comprehensive Registry of Government Organisations) ചുവടെ പരാമർശിക്കും പ്രകാരം വികസിപ്പിക്കേണ്ടത് ഭരണപരമായ അനിവാര്യതയാണ്.

i. സർക്കാർ വകുപ്പുകളെയും സർക്കാർ വകുപ്പുകളുടെ ഭരണനിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെയും സമഗ്ര രജിസ്റ്റിയിൽ (Comprehensive Registry of Government Organisations) ഉൾപ്പെടുത്താവുന്നതാണ്.

ii. ഓരോ സ്ഥാപനത്തെയും സംബന്ധിച്ച നിയമപരമായ പദവി (Legal Status), പ്രവർത്തനലക്ഷ്യവും ചുമതലകളും, വാർഷിക ബജറ്റും ചെലവും, ധനസ്രോതസ്സുകൾ, അംഗീകൃത ജീവനക്കാരുടെ എണ്ണം (Sanctioned Strength), നിലവിൽ സേവനത്തിലുള്ള ജീവനക്കാരുടെ എണ്ണം (Working Strength), കൂടാതെ സർക്കാർ നിശ്ചയിക്കുന്ന മറ്റ് വിവരങ്ങൾ എന്നിവ രജിസ്റ്റിയിൽ ഉൾപ്പെടുത്താവുന്നതാണ്.

iii. രജിസ്റ്റിയിലെ വിവരങ്ങൾ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി നിശ്ചിത ഇടവേളകളിൽ പുതുക്കാവുന്നതും (Periodic Updating) അധിക വിവര ശേഖരണത്തിനാവശ്യമായ മൊഡ്യൂളുകൾ (Additional Modules) ആവശ്യാനുസരണം രജിസ്റ്റിയിൽ ഉൾപ്പെടുത്താവുന്നതുമാണ്.

iv. സ്ഥാപനങ്ങളുടെ പതിവായ അവലോകനം (Periodic Institutional Review), പ്രവർത്തനങ്ങളുടെ ആവർത്തനം (Functional Overlap), സാമ്പത്തിക ആവശ്യങ്ങളുടെ വിലയിരുത്തൽ, ജീവനക്കാരുടെ ആവശ്യകത, പൊതുമേഖലാ ആസ്തികളുടെ ഫലപ്രദമായ നിരീക്ഷണം, വിഭവവിനിയോഗം (Resource Allocation), ഭരണപരിഷ്കാരങ്ങൾ (Administrative Reforms), ദീർഘകാല സ്ഥാപന ആസൂത്രണം (Long-term Institutional Planning) എന്നിവയുമായി ബന്ധപ്പെട്ട കൃത്യമായ തീരുമാനങ്ങൾ എടുക്കാൻ ഈ സമഗ്ര രജിസ്റ്റി സർക്കാരിന് ഉപകാരപ്രദമാകും.

3) സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ വകുപ്പുകളുടെയും വകുപ്പുകളുടെ ഭരണനിയന്ത്രണത്തിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ (Public Sector Undertakings), Statutory Bodies, സ്വയംഭരണ സ്ഥാപനങ്ങൾ (Autonomous Institutions), സൊസൈറ്റികൾ (Societies), ബോർഡുകൾ (Boards), കോർപ്പറേഷനുകൾ (Corporations), മിഷനുകൾ (Missions), സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകൾ (Special Purpose Vehicles - SPVs), മറ്റ് സർക്കാർ ഏജൻസികൾ തുടങ്ങി എല്ലാ സ്ഥാപനങ്ങളെയും സംബന്ധിക്കുന്ന വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്നതിനായി ഒരു സമഗ്ര രജിസ്റ്റി (Comprehensive Registry of Government Organisations) വികസിപ്പിക്കുന്നതിന് തത്വത്തിൽ അംഗീകാരം

നൽകിക്കൊണ്ടും, പ്രസ്തുത രജിസ്ട്രി വികസിപ്പിക്കുന്നതിനായി കേരള ഡിജിറ്റൽ സർവ്വകലാശാലയെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
ബിശ്വനാഥ് സിൻഹ
ചീഫ് സെക്രട്ടറി

1. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി / സ്പെഷ്യൽ സെക്രട്ടറിമാർക്ക്.
2. എല്ലാ വകുപ്പ് മേധാവികൾക്കും / ജില്ലാ കളക്ടർമാർക്കും.
3. രജിസ്ട്രാർ, ഡിജിറ്റൽ യൂണിവേഴ്സിറ്റി ഓഫ് കേരള.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരള, തിരുവനന്തപുരം.
5. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.
6. ഡയറക്ടർ, വിവര-പൊതുസമ്പർക്ക വകുപ്പ്. (പ്രസിദ്ധീകരണത്തിനായി)
7. പൊതുഭരണ (എസ്.സി.) വകുപ്പ്.
8. കരുതൽ ഫയൽ / ഓഫീസ് കോപ്പി. (GAD-CPMD1/1/2026-GAD)

ഉത്തരവിൻ പ്രകാരം



സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ബഹു. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക്.
എല്ലാ വകുപ്പ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക്.
ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, കോ-ഓർഡിനേഷൻ & പ്രോഗ്രാം മാനേജ്മെന്റ് ഡിവിഷൻ, ചീഫ് സെക്രട്ടറിയുടെ കാര്യാലയം.